**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ പ്രീതി ആർ, ജൂനിയർ കൺസൾട്ടന്റ് ( ഗൈനക്കോളജി) - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. നം. എ1/1273/2014/2016/ജിമെആ ഇടുക്കി തീയതി.03.09.2014

2. കാരണം കാണിക്കൽ നോട്ടീസ് നം ഇഎ4- 66965/2014/ആവഡ തീയതി 22.12.2014

3. ഡോ പ്രീതി ആർ സമർപ്പിച്ച അപേക്ഷ തീയതി 01.04.2015

4. കത്ത് നം ഇഎ4- 66965/2014/ആവഡ തീയതി 22.04.2015

**ഉത്തരവ് നം. DHS/4128/2025-EA4 തീയതി.11-12-2025**

ഡോ പ്രീതി ആർ (D r Preethy R) ഇടുക്കി നെടുങ്കണ്ടം താലൂക്കാസ്ഥാന ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിൽ സേവനത്തിൽ തുടരവെ 05.11.2013 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽകി. പ്രസ്തുത നോട്ടീസിന് പരാമർശം (3) പ്രകാരം ടിയാൾ മറുപടി സമർപ്പിച്ചു. അനുയോജ്യമായ സ്ഥാപനത്തിൽ നിയമിക്കുന്നതിന് അപേക്ഷിച്ചിരുന്നു. സേവനത്തിൽ പുന പ്രവേശിക്കുന്നതിന് താല്പര്യമുണ്ടെങ്കിൽ നിശ്ചിത മാതൃകയിലുള്ള ബോണ്ട്

സമർപ്പിക്കുന്നതിന് പരാമർശം (4) പ്രകാരം അറിയിപ്പ് നൽകിയിരുന്നു. ടി കത്തിനോട് ടിയാൾ പ്രതികരിച്ചിട്ടില്ല.

(2). ഡോ പ്രീതി ആർ സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. പ്രൊബേഷൻ കാലയളവിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുക്കുകയും തിരികെ ജോലിയിൽ പ്രവേശിപ്പിക്കണമെന്ന അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിനായി നിശ്ചിത മാതൃകയിലുള്ള ബോണ്ട് സമർപ്പിക്കുന്നതിന് ടിയാൾക്ക് അറിയിപ്പ് നൽകിയതിന് മറുപടി സമർപ്പിച്ചിട്ടുമില്ലാത്ത സാഹചര്യത്തിൽ 05.11.2013 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ പ്രീതി ആർ, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) ന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(3). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ പ്രീതി ആർ, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 11-12-2025 16:40:55

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Preethy R,**

**Suvarna (H), Pulinchode**

**Thaikkattukara PO, Aluva- 683106.**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
ഇടുക്കി.
3. സൂപ്രണ്ട്,
താലൂക്കാസ്ഥാന ആശുപത്രി നെടുങ്കണ്ടം ഇടുക്കി.
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. സീനിയർ സൂപ്രണ്ട്,
ഇബി സെക്ഷൻ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്
5. ഫയൽ